St. Mary's Forane Church Athirampuzha

2019 NOVEMBER

# വിമല

Vol.13 Issue No. 11




Compare all hot brands
across Kerala
Catering
Decoration &
Entertainment
Transports
Tour Package
Make your own choices
Choose from the best
Plan for your budget
Venue
Invitation Card
Stylists
Film &
Photography
Choottuveli, SH Mount P.O., Kottayam - 686 006
Email: info@udroom.com
Ph: +91 7012378763, +91 9446407470
udroom
ONE STOP SOLUTION
FOR EVENTS
Launching soon
Web: www.udroom.com
Google Play
App Store

2019 നവംബർ

# വിമല

സെന്റ് മേരീസ് ചർച്ച് പാരിഷ് ബുള്ളറ്റിൻ




മാനേജിംഗ് എഡിറ്റർ
**ഫാ. ഡോ. ജോസഫ് മുണ്ടകത്തിൽ**
9447506593
jmundakam@gmail.com

ചീഫ് എഡിറ്റർ
**ഫാ. ലിബിൻ പുത്തൻപറമ്പിൽ**
9961996226
libinputhen@gmail.com

എക്സി. എഡിറ്റേഴ്സ്
**ഫാ. പ്രിൻസ് മാഞ്ഞൂരാൻ**
7034885003
princejmvc@gmail.com

**ഫാ. ജിജോ കുറിയന്നൂർപറമ്പിൽ**
9562323402
tjijo123@gmail.com

**ഫാ. ആന്റണി തളികസ്ഥാനം** CMI
9656711828

കൈക്കാരന്മാർ
**മാത്യു റ്റി.ജെ. തേക്കുനില്ക്കുംപറമ്പിൽ**
**ജോസഫ് ജോൺ ഉപ്പുപുരയ്ക്കൽ**
**സിബി സെബാസ്റ്റ്യൻ മാതിരംപുഴ**
**ആന്റോ മാർട്ടിൻ ജോസഫ് നടമുഖം**

പാരീഷ് കൗൺസിൽ സെക്രട്ടറി
**സഞ്ജിത്ത് പി. ജോസ് പ്ലാമൂട്ടിൽ**

**RECEPTION**
9496711268, 2730081
**OFFICE : 0481 2730742**
athirampuzhachurch@gmail.com

*ലേ-ഔട്ട്:* **അക്ഷരജ്യോതി**
9645754114
tomythomasktym@gmail

DTP : ആൻസി സണ്ണി
കൊട്ടാരമുകളേൽ

**പ്രിയ സഹോദരി സഹോദരരേ,**

ദൈവം തന്റെതന്നെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. (ജെറ 1:27) സൃഷ്ടാവായ ദൈവത്തോട് ഐക്യപ്പെട്ടു ജീവിക്കുവാൻ വേണ്ടിയാണ് നമ്മെ അവിടുന്ന് അസ്തിത്വത്തിലേക്കു വിളിച്ചത്. ഈ ക്ഷണം സൃഷ്ടികർമ്മത്തിൽത്തന്നെ അവിടുന്ന് നമുക്കു നല്കുന്നു. ഭൂമുഖത്തുള്ള ധാന്യം വിളയുന്ന എല്ലാ ചെടികളും വിത്തുൾക്കൊള്ളുന്ന പഴങ്ങൾ കായ്ക്കുന്ന എല്ലാ വൃക്ഷങ്ങളും ഭക്ഷണത്തിനായി നല്കി അവിടുന്ന് മനുഷ്യജീവിതം സന്തോഷപ്രദമാക്കുന്നു. ഏദൻ തോട്ടത്തിലെ ആദിമാതാപിതാക്കളുടെ ജീവിതം ഒരു സ്നേഹകൂട്ടായ്മയായി അവർക്കനുഭവപ്പെട്ടു.

പക്ഷേ മനുഷ്യർ തന്റെ സ്വാതന്ത്ര്യം ദുരുപയോഗിച്ചപ്പോൾ തിന്മ പ്രവർത്തിക്കുന്നവനായി അധ:പതിക്കുകയും പാപത്തിന്റെ അടിമയായി മാറുകയും ചെയ്തു. പ്രലോഭനത്തിന്റെ സ്വാധീനത്തിൽ തിന്മയ്ക്ക് കീഴടങ്ങുകയും ദൈവവുമായുള്ള ഹൃദയ ഐക്യം നശിപ്പിക്കുകയും ചെയ്തു. 'ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ'' എന്ന് ചോദിക്കുവാൻ തക്കവിധം സഹോദരൻമാരുടെ ജീവിതം അധ:പതിച്ചു. ദൈവപദ്ധതിയ്ക്കെതിരായി നീങ്ങുന്ന, പാപത്തിന്റെ അടിമകളായി മാറുന്ന ഒരു സമൂഹം ലോകത്തിൽ ശക്തി പ്രാപിച്ചപ്പോൾ ദൈവത്തിന്റെ കരുണയും പ്രവർത്തനം നിരതമായി. അവിടുത്തെ സ്വന്തമായ ജനത്തെ പാപത്തിന്റെ പിടിയിൽനിന്ന് രക്ഷിച്ച് ദൈവ ഐക്യത്തിലേക്ക് കൊണ്ടുവരുവാനുള്ള പദ്ധതിയിൽ പിതാവായ ദൈവം തന്റെ ഓമൽസു



**ഫാ. ഡോ. ജോസഫ് മുണ്ടകത്തിൽ**
വികാരി, സെന്റ് മേരീസ് ഫൊറോന ചർച്ച് അതിരമ്പുഴ
Mob: 9447506593
jmundakam@gmail.com

**അവസാന വിധിയ്ക്കുശേഷം മണവാട്ടിയായ സഭയെ പരമപിതാവായ ദൈവത്തിന് കാഴ്ചവയ്ക്കുന്നതിന്റെ ചൈതന്യത്തിലാണ് ഈ കാലഘട്ടത്തിലെ യാമ പ്രാർത്ഥനകളും കുർബാനയും ക്രമീകരിച്ചിരിക്കുക.**

തനെ ലോകത്തിലേക്കയച്ചു. കാലത്തിന്റെ പൂർണ്ണതയിൽ പ്രവാചകന്മാരുടെ പ്രവചന ശബ്ദം പൂർത്തിയാക്കിക്കൊണ്ട് കടന്നുവന്ന ഈശോയുടെ മനുഷ്യാവതാരത്തിൽ രക്ഷാകര സ്നേഹം അവിടുന്ന് പ്രകാശിതമാക്കി. മനുഷ്യമക്കളെ പാപത്തിൽനിന്നും രക്ഷിക്കുവാൻവേണ്ടി അവിടുത്തെ ജനനം മുതലുള്ള രക്ഷാകര രഹസ്യങ്ങളെ ക്രമീകരിക്കുകയും അവയിലൂടെ മനുഷ്യരക്ഷ സാധിക്കുകയും ചെയ്തു. ഈ രക്ഷാകര രഹസ്യങ്ങളിലൂടെ കൈവന്ന രക്ഷ അത് ദൈവജനത്തിന് ഇത് അനുഭവിക്കുവാൻ സാധിക്കുന്നത് നമ്മുടെ ആരാധനയിലൂടെയാണ്. സീറോ മലബാർ സഭയിൽ ഈ രഹസ്യങ്ങളുടെ ആഘോഷമായ അനുസ്മരണം ആരാധന ക്രമവത്സരത്തിലെ വിവിധ കാലഘട്ടങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു.

ഈശോയുടെ ജനനം, മാമ്മോദീസ, പീഡാനുഭവവും മരണവും, സ്വർഗ്ഗാരോഹണം, പന്തക്കുസ്താ, സഭയുടെ വളർച്ച, രൂപാന്തരീകരണവും കിരുശിന്റെ പുകഴ്ചയും പുനരാഗമനവും, സഭയുടെ മഹത്വീകരണം എന്നിങ്ങനെ 8 കാലഘട്ടങ്ങളിലായി തിരിച്ച് ഒരു വർഷക്കാലത്തെ ആരാധന സജ്ജീകരിച്ചിരിക്കുന്നു. രൂപാന്തരീകരണവും കുരിശിന്റെ പുകഴ്ചയും പുനരാഗമനവും അനുസ്മരിക്കുന്ന ഏലിയാ ശ്ലീവാ മൂശ കാലഘട്ടം അവസാനിപ്പിച്ച് നാം അവസാന കാലഘട്ടമായ പള്ളിക്കൂദാശ കാലഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. വിശുദ്ധീകരിക്കപ്പെട്ട സഭയെയാണ് ഓർമ്മയിലേക്ക് കൊണ്ടുവരുന്നത്. അവസാന വിധിയ്ക്കുശേഷം മണവാട്ടിയായ സഭയെ പരമപിതാവായ ദൈവത്തിന് കാഴ്ചവയ്ക്കുന്നതിന്റെ ചൈതന്യത്തിലാണ് ഈ കാലഘട്ടത്തിലെ യാമ പ്രാർത്ഥനകളും കുർബാനയും ക്രമീകരിച്ചിരിക്കുക.

ആത്മീകവും അമർത്ത്യവുമായ ആത്മാവുള്ള മനുഷ്യൻ തന്റെ ഉത്ഭവം മുതൽ നിത്യസമ്മാനത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. രക്ഷാകരരഹസ്യങ്ങളുടെ ആവിഷ്ക്കാരത്തിലൂടെ തിന്മ വർജ്ജിച്ച് നന്മയിലേക്ക് തിരിയുവാനും സമൂഹത്തിൽ ദൈവത്തോടും അയൽക്കാരനോടുമുള്ള ഐക്യത്തിൽ ശക്തിപ്രാപിക്കുവാനും ഈ കാലഘട്ടത്തിൽ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും അധിഷ്ഠിതമായിരിക്കുന്ന ധാർമ്മിക ജീവിതം സ്വന്തമാക്കുമ്പോഴാണ് മനുഷ്യൻ മഹത്വമുള്ളവനായി മാറുന്നത്. ആദിപാപത്തിന്റെ മുറിവ് സംവഹിക്കുന്നവനായ മനുഷ്യൻ തിന്മയിലേക്ക് ചായ്‌വുള്ളവനായിരിക്കുന്നതുകൊണ്ട് ബോധപൂർവ്വം ദൈവ ഐക്യത്തെ മുൻനിർത്തി പ്രലോഭനങ്ങൾക്കെതിരെ അടരാടുവാനും വിജയിക്കുവാൻ നാം ശ്രദ്ധിക്കണം.

പള്ളിക്കൂദാശ കാലഘട്ടത്തിന്റെ എല്ലാ ചിന്തകളും നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാവട്ടെ.

സ്നേഹപൂർവ്വം,

ഫാ. ഡോ. ജോസഫ് മുണ്ടകത്തിൽ



**ഫാ. പ്രിൻസ്**
മാഞ്ഞൂരാൻ
princejmvc@gmail.com

അപരനിൽനിന്ന് ധ്രുവങ്ങൾ അകലെയുള്ള മനസുമായി കടം തീർക്കാനും കുർബാന കാണാനും മാത്രം വരുന്നവർക്ക് ഈ വിരുന്നുമേശയിലേയ്ക്ക് പ്രവേശനംപോലുമില്ലെന്നാ ഈശോ പഠിപ്പിക്കുന്നത്.

പരീക്ഷയുടെ ഭാരമെല്ലാം ഇറക്കിവച്ച് സ്വസ്ഥമായ മനസ്സോടെയാവും ഇപ്പോളായിരിക്കുക. എല്ലായിടത്തും ഒന്നാമതാകാൻ വെമ്പുന്ന ലോകത്തിന്റെ മാത്സര്യത്തിനൊപ്പം ചുവടുവയ്ക്കുന്നവരാണ് നമ്മളും. അവിടെ വി. കുർബാന നമുക്ക് ഒരു പാഠമാകണം. വി. കുർബാനയ്ക്കുമുമ്പിൽ ആരാധനയർപ്പിച്ച് നിർവൃതി അടഞ്ഞാൽ മാത്രം പോരാ, വി. കുർബാനയെ നമ്മുടെ ജീവിതവുമായി ബന്ധപ്പെടുത്താനാവണം. ദിവ്യകാരുണ്യ ജീവിതമെന്നൊക്കെ അതിനെ വിശേഷിപ്പിക്കാം.

വി. കുർബാനയ്ക്കൊരു സാമൂഹിക വശമുണ്ട്. ഒരു വിരുന്നുമേശയിലെ സൗഹൃദക്കൂട്ടായ്മയിൽ വച്ചാണ് ഈശോ വി. കുർബാന സ്ഥാപിച്ചത്. ദൈവജനത്തിന്റെ സ്നേഹകൂട്ടായ്മകളിൽ അർപ്പിക്കപ്പെടുന്ന ബലിയർപ്പണം മാത്രമേ അർത്ഥപൂർണമാകുകയുള്ളൂ. അപരനിൽനിന്ന് ധ്രുവങ്ങൾ അകലെയുള്ള മനസുമായി കടം തീർക്കാനും കുർബാന കാണാനും മാത്രം വരുന്നവർക്ക് ഈ വിരുന്നുമേശയിലേയ്ക്ക് പ്രവേശനംപോലുമില്ലെന്നാ ഈശോ പഠിപ്പിക്കുന്നത്. എല്ലാ അനുഗ്രഹങ്ങളുടെയും കലവറയായ വി. കുർബാന സ്വീകരിക്കുവാൻ ഒരേയൊരു യോഗ്യതയേ ഈശോ ആവശ്യപ്പെടുന്നുള്ളൂ-കലർപ്പില്ലാത്ത നിർമ്മലമായ സ്നേഹം. കുടുംബ ജീവിതത്തിന്റെ ചുരുങ്ങിയ വൃത്തത്തിൽ മാത്രം നമ്മുടെ സ്നേഹം ഒതുങ്ങിപ്പോകരുത്. ആവശ്യത്തിലിരിക്കുന്നവരാരുമാകട്ടെ, അവരെയൊക്കെ നമ്മുടെ സ്നേഹവലയത്തിലേക്ക് നമുക്ക് പ്രവേശിപ്പിക്കാം.

നവംബർ 14 വീണ്ടുമൊരു ശിശുദിനംകൂടി.... ഒരിക്കൽകൂടി നമുക്ക് നമ്മുടെ ആദിമ നൈർമ്മല്യങ്ങളിലേക്ക് മടങ്ങിപ്പോകാം. നിഷ്കളങ്കതയുടെ, സുതാര്യതയുടെ, വിസ്മയങ്ങളുടെ ഭാവങ്ങളിലേക്ക്....

**പ്രിൻസച്ചൻ**

**കൂ**ടുകൂട്ടാൻ വന്ന പൂമ്പാറ്റകളെയും, തേൻ കുടിക്കാൻ വന്ന കരിവണ്ടുകളെയും രക്തബന്ധങ്ങളുടെ ഈറ്റുനോവിനെയും ഉപേക്ഷിച്ച് കാറ്റിന്റെ ആത്മീയതയ്ക്കൊപ്പം പറന്നുയരുന്ന ഒരു അപ്പൂപ്പൻതാടിയോട് ഒരിക്കൽ ഇങ്ങനെ ചോദിച്ചു. നീ എങ്ങോട്ടാണ് പറന്നുയരുന്നത്. അപ്പൂപ്പൻ താടിയുടെ മറുപടി ശ്രദ്ധേയമായിരുന്നു. ഞാൻ പറന്നെത്താൻ ആഗ്രഹിക്കുന്നിടത്തേയ്ക്ക് എനിക്ക് ചെന്നെത്താൻ സാധിക്കുകയില്ല. കാരണം എനിക്ക് ചിറകുകളില്ല. കാറ്റ് എന്നെ കൂട്ടികൊണ്ട് പോകുന്നിടത്ത് ഞാൻ കൂടുകൂട്ടും. എങ്കിലും ചിറകുകളില്ലാത്ത എന്റെ കുറവിനെ ദൈവകൃപയുടെ നിറവുകളാക്കികൊണ്ട് ഞാൻ പറക്കാൻ ശ്രമിക്കും. ഇക്കഴിഞ്ഞ ദിവസം വായിച്ച പുസ്തകത്തിൽ കണ്ട കഥയാണിത്. ചിറകുകളില്ലാത്ത കുറവിനെപ്രതി വേദനിക്കാതെ ഉള്ള നന്മയിൽ കൃപ കണ്ടെത്തി യാത്ര ചെയ്യുന്ന അപ്പൂപ്പൻ താടി.

ഒരർത്ഥത്തിൽ നമ്മളും ഈ ഭൂമിയിലെ തീർത്ഥാടക സഭയിലെ യാത്രയിലാണ്. സഭയിലൂടെയുള്ള യാത്രയിൽ നമ്മൾ ഇപ്പോൾ പള്ളിക്കൂദാശക്കാലത്തിന്റെ നിറവിലാണല്ലോ. സഭാസമർപ്പണത്തിന്റെ കാലം. മണവാളനായ മിശിഹ മണവാട്ടിയായ സഭയെ തന്റെ ശരീരവും രക്തവും നൽകി സ്വന്തമാക്കിയ ആത്മബലിയുടെ പള്ളിക്കൂദാശക്കാലം. ഈശോയുടെ പൗരോഹിത്യത്തെ ധ്യാന വിചിന്തനമാക്കുന്ന ഈ കാലത്തിൽ സഭയോടൊപ്പമുള്ള നമ്മുടെ യാത്രയിലും കുറവുകളെ നിറവുകളാക്കി നമുക്കും നടന്നുനീങ്ങാം. കാരണം സ്വർഗ്ഗമെന്ന പ്രത്യാശയുടെ ഭവനം നമുക്കുണ്ട്.

കഴിഞ്ഞ മാസം ദൈവം തന്ന നന്മ



**ഫാ. ജിജോ**
കുറിയന്നൂർപറമ്പിൽ
tjijo123@gmail.com
9562323402

**മണവാളനായ മിശിഹ മണവാട്ടിയായ സഭയെ തന്റെ ശരീരവും രക്തവും നൽകി സ്വന്തമാക്കിയ ആത്മബലിയുടെ പള്ളിക്കൂദാശക്കാലം.**

കൾക്ക് നന്ദി പറഞ്ഞുകൊണ്ട് ഈ മാസത്തിലെ ഇടവകയുടെ പ്രവർത്തനങ്ങളിൽ നമുക്ക് കഴിവിനൊത്ത് പങ്കാളികളാവാം.

കുഞ്ഞുമക്കൾക്ക് ശിശുദിനത്തിന്റെ ആശംസകൾ നേർന്നുകൊണ്ട്,

നിങ്ങളുടെ ജിജോച്ചൻ

# വിശുദ്ധർ

*ചിലർ വിശുദ്ധരായി ജനിക്കുന്നു. മറ്റുചിലർ വിശുദ്ധി കൈവരിക്കുന്നു. ഇനിയും ചിലരുടെമേൽ വിശുദ്ധി കെട്ടിയേല്പിക്കപ്പെടുന്നു.*

**ഒ**രിക്കൽ ഒരു എണ്ണക്കിണറിന് തീ പിടിച്ചു.

ആളിപ്പടർന്ന തീ കെടുത്താൻ അനേകം വിദഗ്ദരെ വിളിച്ചുവരുത്തി. എന്നാൽ തീ കെടുത്താൻ വന്നവർക്കാർക്കും കിണറിന്റെ ആയിരം അടി അടുത്തുപോലും ചെന്നെത്താൻ കഴിഞ്ഞില്ല. അത്രയ്ക്കുണ്ടായിരുന്നു ചൂടും ഗന്ധവും.

വിദഗ്ദരൊക്കെ വന്ന് അവർക്ക് കഴിയുംപോലൊക്കെ ശ്രമിച്ചിട്ടും തീയ് നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞില്ല. വിദഗ്ദരുടെ പരക്കംപാച്ചിൽ നടക്കുന്നുവെന്നല്ലാതെ ഫലമൊന്നും കാണുന്നില്ലെന്ന് മനസ്സിലായ കമ്പനിമാനേജർ സ്ഥലത്തെ അഗ്നിശനമനാ സംഘത്തെ വിളിച്ചുവരുത്തി.

അര മണിക്കൂർ കഴിഞ്ഞപ്പോൾ ദൂരെനിന്ന് അഗ്നിശമനസേനയുടെ ചുവന്ന വണ്ടി പാഞ്ഞ് വന്ന് കിണറിന് ഏതാണ്ട് നൂറടി അടുത്തായി നിന്നു. വണ്ടിയിൽനിന്നിറങ്ങിയപാടെ സേനാംഗങ്ങൾ പരസ്പരം അഗ്നി നിരോധന ഗ്യാസ് തളിച്ചശേഷം തീ കെടുത്താൻ തുടങ്ങി. വളരെ നേരത്തെ പരിശ്രമത്തിനൊടുവിൽ അവർക്ക് തീയിനെ നിയന്ത്രിക്കാനായി.

കമ്പനി അധികാരികൾ അവരെ മുക്തകണ്ഠം പ്രശംസിക്കുകയും വലിയൊരു നാശത്തിൽ നിന്നും കമ്പനിയെ രക്ഷിച്ചതിന് നന്ദി പറയുകയും ചെയ്തു. മാത്രമല്ല അവർക്ക് വലിയൊരു തുക പാരിതോഷികമായി നല്കി.

ഈ തുകകൊണ്ട് എന്തു ചെയ്യാനാണുദ്ദേശിക്കുന്നതെന്ന് ചോദിച്ച ജനപ്രതിനിധിയോട് സേനാതലവൻ പറഞ്ഞു.

ഈ തുകകൊണ്ട് ആദ്യം ഞങ്ങളുടെ വണ്ടിയുടെ ബ്രേക്ക് ശരിയാക്കണം. എന്നിട്ടേ അടുത്തതിനെപ്പറ്റി ചിന്തിക്കൂ!!

# തിരുവചന വായനകൾ

**2019 നവംബർ**
**ഏലിയാ – സ്ലീവാ – മൂശേ പള്ളിക്കൂദാശങ്ങൾ**

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | 1<br>വെളി21:1 - 4<br>മത്താ 24:15 - 24 | 2<br>1 തിമോ 4:1 - 5<br>മത്താ 5 - 42 |
| 3<br>പുറ 40:17 - 38<br>ഏശ 6:1 - 13<br>1കോറി 12:27 - 13:13 മത്താ 16:13 - 19 | 4<br>യാക്കോ 3:6 - 12<br>ലൂക്കാ 20:1 - 8 | 5<br>ഹെബ്രാ 6:1 - 6<br>ലൂക്കാ 21:1 - 4 | 6<br>യാക്കോ 1:19 - 25<br>ലൂക്കാ 8:26 - 39 | 7<br>വെളി 3:8 - 13<br>മത്താ 9:35 - 38 | 8<br>1 പത്രോ 1:13 - 20<br>ലൂക്കാ 19:1 - 10 | 9<br>ശ്ലീഹ നട. 10:9 - 16<br>ലൂക്കാ 5:1 - 11 |
| 10<br>പുറ39:32 - 40:16<br>1രാജാ 8:10 - 29<br>ഹെബ്രാ8:1 - 9:10<br>മത്താ 12:1 - 21 | 11<br>2 കോറി 4:11 - 15<br>മത്താ 19:16 - 22 | 12<br>1കോറി 4:1 - 5<br>യോഹ 6:47 - 53 | 13<br>2 കോറി 11:7 - 15<br>മർക്കോ 10: - 30 | 14<br>2 കോറി 11:16 - 21<br>ലൂക്കാ 10:8 - 16 | 15<br>ഗലാ 4:12 - 20<br>യോഹ 14:1 - 7 | 16<br>3 യോഹ 5 - 12<br>ലൂക്കാ 22:24 - 30 |
| 17<br>സംഖ്യ 7:1<br>ഏശ 54:1 - 15<br>ഹെബ്രാ 9:1 - 15<br>യോഹ 2:12 - 22 | 18<br>ഹെബ്രാ 13:9 - 16<br>ലൂക്കാ 11:1 - 4 | 19<br>യൂദാ 17 - 25<br>ലൂക്കാ 8:1 - 3 | 20<br>കൊളോ 3:22 - 25<br>മത്താ 16:21 - 28 | 21<br>വെളി 19:5 - 10<br>മത്താ 22:1 - 14 | 22<br>വെളി 19:11 - 16<br>യോഹ 18:28 - 37 | 23<br>വെളി 21:9 - 14<br>ലൂക്കാ 9:10 - 17 |
| 24<br>1 രാജാ 6:1 - 19<br>എസെ 43:1 - 7<br>ഹെബ്രാ 9:16 - 28<br>മത്താ 22:41 - 23:22 | 25<br>വെളി 4:1 - 11<br>മത്താ 6:19 - 21 | 26<br>1 തെസ 4:1 - 8<br>മർക്കോ 5:25 - 34 | 27<br>ഹെബ്രാ 1:1 - 4<br>മർക്കോ 12:18 - 27 | 28<br>1 പത്രോ 1:3 - 7<br>യോഹ 17:12 - 19 | 29<br>വെളി 14:1 - 7<br>യോഹ 17:12 - 19 | 30<br>ഉത്പ 28:10 - 17<br>സഖ 8:20 - 23<br>റോമാ 10:9 - 18<br>മത്താ 4:18 - 22 |

# പാരീഷ് കൗൺസിൽ റിപ്പോർട്ട്

**അ**തിരമ്പുഴ സെന്റ് മേരീസ് ഫൊറോന പള്ളിയുടെ 13-ാമത് പ്രതിനിധി സഭയുടെ 6-ാമത് സമ്മേളനം ഒക്ടോബർ മാസം 6-ാം തീയതി വൈകുന്നേരം 4 മണിക്ക് യോഗശാലയിൽവെച്ച് നടന്നു. പ്രാർത്ഥനയ്ക്ക് ശേഷം വികാരി റവ. ഫാ. ഡോ. ജോസഫ് മുണ്ടകത്തിലിന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു.

യാത്രയയപ്പ് സമ്മേളനമായിരുന്നു ആദ്യമായി നടന്നത്. പത്ത് വർഷത്തെ സുസ്ത്യർഹമായ സേവനത്തിന് ശേഷം തൽസ്ഥാനത്തുനിന്ന് വിരമിക്കുന്ന അക്കൗണ്ടന്റ് ശ്രീ. കെ.ജെ. ജോർജ് കുന്നത്തിനും 6 മാസത്തെ ഇടവക സേവനത്തിന് ശേഷം വൈദിക പരിശീലനത്തിന്റെ അവസാനഘട്ടത്തിലേയ്ക്ക് പ്രവേശിക്കുന്ന ഡീക്കൻ ജോയീസ് മടുക്കക്കുഴിക്കും പ്രതിനിധിസഭ ഊഷ്മളമായ യാത്രയയപ്പ് നല്കി. യോഗത്തിന് സെക്രട്ടറി സ്വാഗതം ആശംസിച്ചു. വികാരി വെരി.റവ. ഡോ ജോസഫ് മുണ്ടകത്തിൽ ഇരുവരും ഇടവകയ്ക്ക് നല്കിയ സേവനങ്ങളെ പ്രശംസിക്കുകയും നന്ദിയർപ്പിക്കുകയും ചെയ്തു. കൈക്കാരൻ ശ്രീ. സിബി മാതിരമ്പുഴ ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് ശ്രീ. ജോർജ് കെ.ജെ കുന്നത്തും ഡീക്കൻ ജോയ്സ് മടുക്കക്കുഴിയും മറുപടി പ്രസംഗങ്ങൾ നടത്തി.

പിന്നീട് ആഗസ്റ്റ് മാസത്തെ യോഗറിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് കൈക്കാരൻ ശ്രീ. റ്റി.ജെ മാത്യു തേക്കുനിൽക്കുംപറമ്പിൽ വിശദീകരിച്ചു. അടുത്തതായി ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലെ പൊതുകണക്കും, ആഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ചു. ചർച്ചയെ തുടർന്ന് അവ അംഗീകരിക്കുകയും ചെയ്തു.

2020 ജനുവരി തിരുനാളിന്റെ വെടിക്കെട്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ നടപടികളെക്കുറിച്ച് യോഗത്തിൽ വിശദീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ എപ്രകാരം വേണമെന്ന് ചർച്ച നടത്തുകയും ചെയ്തു.

തിരുനാൾ ക്രമീകരണങ്ങൾ അച്ചടക്കത്തോടെയും സുരക്ഷിതമായും നടപ്പാക്കുന്നതിന് പോലീസുമായി ചേർന്ന് പ്രവർത്തിക്കുന്ന ഒരു വോളണ്ടിയർ സംഘം രൂപീകരിക്കണമെന്ന നിർദ്ദേശം യോഗത്തിൽ അംഗീകരിച്ചു. പള്ളിയിൽ നേർച്ചകാഴ്ചകളുടെ ഭാഗമായുള്ള കഴുന്ന് നിരക്ക് 10 രൂപ വർദ്ധിപ്പിച്ച് 40 രൂപയാക്കാൻ യോഗം ശുപാർശ ചെയ്തു.

ശതാബ്ദിയിൽ എത്തിനിൽക്കുന്ന സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിന് ശതാബ്ദി സ്മാരകമായി പുതിയ കെട്ടിടം നിർമ്മിക്കണമെന്ന നിർദ്ദേശവും യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ചു. പള്ളിയുടെ വാടകക്കെട്ടിടങ്ങളുടെ കേടുപാടുകൾ, വാടകപുന:ക്രമീകരണം എന്നിവ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി കൈക്കാരന്മാർ ഉൾപ്പെടുന്ന ആറംഗ കമ്മറ്റിയെ ചുമതലപ്പെടുത്തി. ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലിനി ജോൺസൺ തലയിണക്കുഴിയെ അക്കൗണ്ട് പദവിയിലേക്ക് സ്ഥാനക്കയറ്റം നല്കുന്നതിന് യോഗത്തിൽ തീരുമാനമായി. ഒക്ടോബർ 18-ാം തീയതി മുതൽ 5.45ന്റെ കുർബാനയെതുടർന്ന് വെള്ളിയാഴ്ചകളിൽ കുരിശിന്റെ വഴി നടത്തുവാനുള്ള തീരുമാനത്തെ യോഗം സ്വാഗതം ചെയ്തു. 7 മണിക്ക് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

സഞ്ജിത് പി. ജോസ് പ്ലാമ്മൂട്ടിൽ


# BRIL INSTITUTE OF COMMERCE & COMPUTER STUDY CENTRE

**(PEEDS PLAZA BUILDING (Room No.642, Ground Floor), Opp. M.G. University**

സുഹൃത്തുക്കളെ,

സർക്കാർ/ അർദ്ധസർക്കാർ മേഖലകളിൽ വളരെയേറെ തൊഴിൽ സാദ്ധ്യതകളുള്ള K.G.T.E ( Kerala Government Technical Education) കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

Courses Offered

- TYPEWRITING ENG. & MAL. (Lower, Higher, Highspeed)
  SHORTHAND ENG. & MAL. (Lower & Higher)
- COMPUTER WORD PROCESSING English & Malayalam (Lower, Higher, Highspeed)
  MS Office, Data Entry, ISM-Malayalam, Computer Training /Skill Test For PSC, UPSC, SSC EXAMS.

മുകളിൽ പറയുന്ന കോഴ്സുകളുമായി ബന്ധപ്പെട്ട തസ്തികകളിലേക്ക് PSC Coaching നൽകുന്നു.

N.B. DTP, Photostat, E-Payment സൗകര്യങ്ങൾ ലഭ്യമാണ്.

# സെന്റ് മേരീസ് സൺഡേസ്കൂൾ

## വിശ്വാസ പരിശീലന റിപ്പോർട്ട്

സീറോ മലബാർ സിനഡ് കാറ്റക്കെറ്റിക്കൽ കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന ഹയർ കോഴ്സ് കുട്ടികൾക്കായുള്ള സഭാപ്രതിഭ അവാർഡിനുള്ള ഫൊറോനാതല തിരഞ്ഞെടുപ്പിൽ നമ്മുടെ സൺഡേസ്കൂളിൽനിന്നും നേഹ ട്രീസ രാജേഷ് കുടിലിൽ, സുനിൽ പി.ജി പഴയപുരയ്ക്കൽ, ഋതിക മരിയ ബാബു നട്ടന്നൂർ, അനീഷ് വി. മാത്യു വേങ്ങച്ചുവട്ടിൽ എന്നിവർ സംബന്ധിച്ചു. പ്രസ്തുത സെമിനാറിൽ അതിരൂപതാ തലത്തിലേയ്ക്ക് നേഹാ ട്രീസാ രാജേഷ് കുടിലിൽ തിരിഞ്ഞെടുക്കപ്പെടുകയുണ്ടായി.

സെപ്റ്റംബർ 21-ാം തീയതി നടന്ന കിഡ്സ് ഫെസ്റ്റിൽ തിരുബാലസംഖ്യത്തിലെ കുട്ടികൾക്കൊപ്പം സൺഡേസ്കൂളിലെ 1, 2 ക്ലാസ്സുകളിലെ കൊച്ചുകുട്ടികളും പങ്കെടുക്കുകയും ഓവറോൾ കരസ്ഥമാക്കുകയും ചെയ്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികളെയും അഭിനന്ദിക്കുന്നതിനോടൊപ്പം അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർക്ക് അനുമോദനങ്ങൾ നേരുകയും ചെയ്യുന്നു

സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ച വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ദിനം അന്നേ ദിവസം അൾത്താരബാലന്മാരുടെ ദിനമായി ആചരിച്ചു. 9.30 ന്റെ വി. കുർബാനയ്ക്ക് വികാരി. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ കാർമ്മികത്വം വഹിച്ചു. നമ്മുടെ ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യുന്ന വിവിധ പ്രായത്തിലുള്ള 68 ശുശ്രൂഷകൾ കൊത്തീന ധരിച്ച് കാർമ്മികനോടൊപ്പം പ്രദക്ഷിണമായി ആനവാതിലിലൂടെ ദൈവാലയത്തിൽ പ്രവേശിച്ചു. തുടർന്ന് എല്ലാവർക്കും വി. ഗ്രന്ഥവും കുർബാന പുസ്തകവും നല്കി. പുതിയ കുട്ടികളെ അൾത്താര ശുശ്രൂഷകൾക്കൊരുക്കുവാനും തിരുനാൾ ദിനം മോടിപിടിപ്പിക്കുവാനും യത്നിച്ച ബഹു. സിസ്റ്റേഴ്സിനെയും ഡീക്കൻ ജോയീസ് മടുക്കക്കുഴിയേയും നന്ദിയോടെ സ്മരിക്കുന്നു.

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരം സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടന്നു. ചങ്ങനാശേരി അതിരൂപതയിൽ നിന്ന് ഏറ്റവും കൂടുതൽ പേരെ ലോഗോസ് ക്വിസിൽ പങ്കെടുപ്പിക്കുവാൻ നമ്മുടെ ഇടവകയ്ക്ക് കഴിഞ്ഞു എന്നുള്ളത് ഏറെ സന്തോഷകരമായ കാര്യമാണ്. സുവിശേഷ മൂല്യങ്ങൾ കുട്ടികളിൽ ആഴത്തിൽ പതിപ്പിക്കുകയും കല

യിലൂടെ സുവിശേഷവത്കരണം നടത്തുവാൻ ഉതകുന്നതായിരിക്കണം സൺഡേസ്കൂൾ ബൈബിൾ കലോത്സവങ്ങൾ. ഒക്ടോബർ 2ന് നടന്ന ഒന്നാം ഘട്ട രചന മത്സരത്തോടെ ഈ വർഷത്തെ ഫൊറോനാ ബൈബിൾ കലോത്സവത്തിന് തിരശ്ശീലയുയർന്നു. ഉപന്യാസം, ചിത്രരചന, കവിതാ രചന, സ്ക്രിപ്റ്റ് റൈറ്റിംഗ്, ബൈബിൾ വാക്യരചന എന്നിവയിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു.

രണ്ടാം ഘട്ട മത്സരങ്ങൾ ഒക്ടോബർ 13 ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടന്നു. മൂന്നാം ഘട്ട മത്സരങ്ങൾ നവംബർ 9ന് നടക്കുന്നു. അതിനുള്ള തീവ്രമായ ഒരുക്കങ്ങൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ അണിയറയിൽ നടന്നുവരുന്നു.

ഈ വർഷത്തെ 1-ടേം സൺഡേസ്കൂൾ പരീക്ഷ ഒക്ടോബർ 6ന് നടന്നു. 1 മുതൽ 7 വരെ ക്ലാസ്സുകാർക്ക് രാവിലെയും 8 മുതൽ 12 വരെയുള്ള കുട്ടികൾക്ക് ഉച്ചകഴിഞ്ഞും പരീക്ഷ നടന്നു.

ഈ വർഷത്തെ മിഷൻ ഞായറാഴ്ച വളരെ സമുചിതമായി ആചരിച്ചു. ഉത്പ്പന്ന പിരിവ് നടത്തിയും ലേലം വിളിച്ചും കുട്ടികളുടെ സംഭാവനയിലൂടെയും മിഷൻ രൂപതയെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾ വളരെ ആവേശത്തോടെ മിഷൻ ചൈതന്യം പ്രകടമാക്കി.

ക്ലാസ്സ് അടിസ്ഥാനത്തിൽ സീറോ മലബാർ മിഷൻ രൂപതകളെപ്പറ്റി കുട്ടികൾ തയ്യാറാക്കിയ ചാർട്ട് പ്രദർശിപ്പിക്കുകയുണ്ടായി. എല്ലാ ഞായറാഴ്ചയും സൺഡേ ക്വിസ് ക്ലാസ്സും ബർത്ത് ഡേ ദിനാചരണവും ഭംഗിയായി നടന്നുപോകുന്നു. മിഷൻ ലീഗിന്റെ നേതൃത്വത്തിൽ മാലിപ്പറമ്പിലച്ചന്റെ കബറിടം സന്ദർശിച്ചതും വളരെ അനുഭവമായിരുന്നു.

ആൽബർട്ട് പെരുമാപറമ്പിൽ
സെക്രട്ടറി



## ഉദ്ദിഷ്ഠ കാര്യം സാധിച്ചതിന്

## ഉപകാര സ്മരണ

# പാറോലിക്കൽ സൺഡേസ്കൂൾ റിപ്പോർട്ട്

പാറോലിക്കൽ സെന്റ് തോമസ് സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടന്നുവരുന്നു. സൺഡേസ്കൂൾ ഡയറക്ടർ ബഹുമാനപ്പെട്ട ജിജോ കുറിയന്നൂർപറമ്പിൽ അച്ചൻ എല്ലാ ഞായറാഴ്ചയും കുട്ടികൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. സപ്രായോടും വി. കുർബാനയോടുംകൂടി സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. തുടർന്ന് നടക്കുന്ന അസംബ്ലിയിൽ കുട്ടികൾ വളരെ ഉത്സാഹത്തോടുകൂടി പങ്കെടുത്തു വരുന്നു.

20–10–2019 ൽ ജയ്പൂർ മിഷനുവേണ്ടി നടത്തിയ ലേലത്തിൽ കുട്ടികൾ എല്ലാവരും പണമായും വസ്തുക്കളായും സംഭാവന നൽകി. കുട്ടികളെ ഓരോ വിശുദ്ധരുടെ നാമത്തിലുള്ള മൂന്ന് ഗ്രൂപ്പുകളായി തിരിക്കുകയുണ്ടായി. ഓരോ ഗ്രൂപ്പിനും വിവിധ ആക്ടിവിറ്റീസും നിർദ്ദേശിച്ചു നൽകി. സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷയിൽ കുട്ടികൾ എല്ലാവരും നല്ല മാർക്കോടുകൂടി വിജയിക്കുകയുണ്ടായി.

എല്ലാ മാസത്തിലെയും ഓരോ ഞായറാഴ്ച കുട്ടികൾക്ക് വിവിധ ഗെയിംസ് നടത്തിവരുന്നു. ക്ലാസുകളും വർക്ക്ബുക്കിലെ പ്രവർത്തനങ്ങളും കൃത്യമായി ചെയ്തുവരുന്നു. ഞായറാഴ്ചകളിൽ 9 മണിക്ക് സമാപന പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ അവസാനിക്കുന്നു.

സെക്രട്ടറി

അനഘ റോസ് ജേക്കബ് പാറശ്ശേരിൽ

# സെന്റ് റീത്താ സൺഡേസ്കൂൾ

പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മൂശെ മരുഭൂമിയിൽ ഉയർത്തിയ പിച്ചള സർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട് ശ്ലീവാ വഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഏലിയാ– സ്ലീവാ മൂശക്കാലം നമ്മെ ബോധ്യപ്പെടുത്തുന്നു എന്ന് ലിബിനച്ചൻ ഓർമ്മിപ്പിക്കുകയുണ്ടായി.

സെപ്റ്റംബർ 29ന് ഈ വർഷത്തെ CRT വിസിറ്റ് നടത്തപ്പെട്ടു. രാവിലെ

8.45ന് CRTഅംഗങ്ങൾ പള്ളിയിൽ എത്തുകയും 11-ാം ക്ലാസ്സിലെ കുട്ടികളെ കണ്ട് കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് സൺഡേ സ്കൂളിന്റെ റിപ്പോർട്ടുകൾ പരിശോധിച്ചു. കുട്ടികളോടൊപ്പം പരി. കുർബാനയിലും തുടർന്നുള്ള അസംബ്ലിയിലും പങ്കുചേർന്നു. ക്ലാസ്സുകൾ സന്ദർശിച്ചു. സെന്റ് റീത്താ സൺഡേസ്കൂളിന്റെ നടത്തിപ്പ് വിലയിരുത്തി. സ്റ്റാഫ് മീറ്റിംങ്ങിൽ പ്രത്യേകം പരാമർശിച്ചത് അധ്യാപകർ കുട്ടികളുമായുള്ള ബന്ധം ഏറെ ഇഴയടുപ്പം ഉള്ളതും ശ്ലാഹനീയവും ആണ് എന്നുള്ളതാണ്. ഏതാനും കുറച്ച് സാങ്കേതിക പരിമിതികളും വിസിറ്റേഴ്സ് പറയുകയുണ്ടായി. ഈ ദിവസംതന്നെ ഉച്ചയ്ക്ക് ശേഷം വചനവർഷത്തോടനുബന്ധിച്ച് നടന്ന ലോഗോസ് ക്വിസിൽ മുഴുവൻ കുട്ടികളും അദ്ധ്യാപകരും ഏതാനും മാതാപിതാക്കളും പങ്കെടുത്തു. ഒക്ടോബർ 6-ാം തീയതി ഒന്നാം ടേം പരീക്ഷ നടത്തുകയുണ്ടായി. വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷവും 73-ാം സ്ഥാപകദിനത്തോടനുബന്ധിച്ച് ഹെഡ്മാസ്ററർ മനോജ് സാറിന്റെ നേതൃത്വത്തിൽ പതാക ഉയർത്തലും റാലിയും നടന്നു. മിഷൻലീഗ് സ്ഥാപക നേതാക്കളായ ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചനെയും കുഞ്ഞേട്ടനെയും കുറിച്ചുള്ള പ്രസംഗ മത്സരവും നടത്തുകയുണ്ടായി. തുടർന്ന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്വിസ്, ഗ്രൂപ്പ് സോങ്ങ് എന്നിവയുടെ മത്സരങ്ങളും നടന്നു.

20-10-2019 ഞായറാഴ്ച സെന്റ് റീത്താ സൺഡേസ്കൂൾ മിഷൻ സൺഡേ ആവേശകരമായി ആചരിച്ചു. റീത്താ കുടുംബം ഒന്ന് ചേർന്ന് ഈ പരിപാടിയിൽ പങ്കാളികളായി. വിവിധയിനം ഉൽപ്പന്നങ്ങൾ സമാഹരിച്ച് ലേലം വിളിക്കുകയും അധ്യാപകർ ഒന്ന് ചേർന്ന് വിവിധ പലഹാരങ്ങൾ ഉണ്ടാക്കി സ്റ്റാളുകളിൽ വിൽപ്പന നടത്തുകയും ചെയ്തു. മിഷൻ സൺഡേയോടനുബന്ധിച്ച് കുട്ടികൾ വീടു സന്ദർശനവും നടത്തി.

പാവപ്പെട്ടവരുടെ ദുരവസ്ഥയെ മനസ്സിലാക്കുന്നതിനും തങ്ങളാൽ ആകുംവിധം മറ്റുള്ളവരെ എങ്ങനെ സഹായിക്കാം എന്നതിനെ സംബന്ധിച്ചും ആന്തരീകമായ മിഷൻ ചൈതന്യം വളർത്തിയെടുക്കാൻ പ്രാപ്തരാകണമെന്നും ബഹുമാനപ്പെട്ട ആന്റണി തളികസ്ഥാനം അച്ചൻ പ്രത്യേകം ഓർമ്മിപ്പിക്കുകയുണ്ടായി.

സെക്രട്ടറി

ഷാന്റി മാത്യു ചോരേട്ട് ചാമക്കാലാ

# കുടുംബകൂട്ടായ്മ

## റിപ്പോർട്ട്

കുടുംബകൂട്ടായ്മ ലീഡർമാരുടെ ഒക്ടോബർ മാസത്തെ യോഗം 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.45ന് ചാവറ ഹാളിൽവച്ച് ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുതയോഗത്തിൽ 3 മണിക്കുള്ള സഭയുടെ ഔദ്യോഗിക യാമ പ്രാർത്ഥനയായ 'ദ്ബസ്ശാ ശായീൻ' ചൊല്ലുവാൻ ബഹു. വികാരിയച്ചൻ പരിശീലിപ്പിച്ചു. കഴിഞ്ഞ 10 വർഷക്കാലത്തോളം നമ്മുടെ ഇടവകയിൽ അക്കൗണ്ടന്റായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം വിരമിക്കുന്ന ശ്രീ. കെ.ജെ. ജോർജ് കുന്നത്തിന് കൂട്ടായ്മയോഗം യാത്രയയപ്പ് നല്കി. ഇടവകയുടെ അജപാലന ശുശ്രൂഷക്കായി നിയോഗിക്കപ്പെട്ട റവ. ഫാ. ആന്റണി തളികസ്ഥാനം CMI യ്ക്ക് യോഗം സ്വാഗതം നേർന്നു. മിശിഹായിൽ നാം ഒരു ശരീരമാണെന്നും ഐക്യത്തിൽ ഒരുമിച്ചുനിന്നു മുന്നേറേണ്ടവരാണ് നാമെന്നും മറുപടി പ്രസംഗത്തിൽ അച്ചൻ അഭിപ്രായപ്പെട്ടു. തുടർന്ന് സെക്രട്ടറി റിപ്പോർട്ട് വായിച്ചത് യോഗം പാസ്സാക്കി. പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ അസാധാരണ മിഷൻ മാസമായി പ്രഖ്യാപിച്ചിരിക്കുന്ന ഒക്ടോബർ മാസത്തിലെ 'മിഷൻഞായർ പിരിവ്' സൺഡേസ്കൂൾ കുട്ടികളുടെ കൈകളിൽ കൊടുത്തു വിടണമെന്നറിയിച്ചു. ഒക്ടോബർ 31 നുള്ള ജപമാലപ്രദക്ഷിണം റോസറി ഗാർഡനിലേയ്ക്കാണെന്നും സൂചിപ്പിച്ചു. പ്രസ്തുതയോഗത്തിൽ ബഹു. വികാരിയച്ചൻ കൂട്ടായ്മ ലീഡർമാരിൽനിന്നും അടുത്ത 3 വർഷത്തേയ്ക്കുള്ള തിരുനാൾ-ദേശക്കഴുന്ന്-വാർഡു കൺവീനർമാരെയും ജനറൽ കൺവീനർമാരെയും തെരഞ്ഞെടുത്തു. നമ്മുടെ ഇടവകയിലെ പ്രത്യേക ഭക്താനുഷ്ഠാനമായ റോമിലെ വി. കുരിശിന്റെ വഴി ചില പ്രത്യേക ദിനങ്ങളൊഴികെയുള്ള വെള്ളിയാഴ്ചകളിൽ തുടരുന്നതാണെന്നറിയിച്ചു. യൂണിറ്റ് തല വാർഷികങ്ങൾക്ക് പകരം ഈ വർഷം വാർഡ് കൺവൻഷനുകൾ നടത്തുന്നതിനെപ്പറ്റി അസിസ്റ്റന്റ് വികാരിയായ റവ. ഫാ. ജിജോ കുറിയന്നൂർപറമ്പിൽ അഭിപ്രായപ്പെട്ടു.

വാർഡ് തലത്തിൽ വലിയ പള്ളിയിൽ ഒരുമിച്ചുകൂടി, വി. കുർബാനയോടെ ആരംഭിച്ച്, ഗാനശുശ്രൂഷയും വചനവിചിന്തനത്തിനും ശേഷം ലളിതമായ കലാപരിപാടികളോടും സ്നേഹവിരുന്നോടുംകൂടി പര്യവസാനിക്കുന്ന രീതി അവലംബിക്കുന്നതിനെപ്പറ്റി ആലോചിക്കുകയും യോഗം സമ്മതം അറിയിക്കുകയും ചെയ്തു. റീത്താ, പാറോലിക്കൽ ഭാഗങ്ങളിലെ വാർഡ് കൺവൻഷനുകൾ ആ ഭാഗത്തെ ചാപ്പലുകളിൽ നടത്തുന്നത് ഉചിതമായിരിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു. വാർഡു

കൺവൻഷനുകളുടെ ഭംഗിയായ നടത്തിപ്പിന് വാർഡു ലീഡർമാരുടെ ആലോചനായോഗം വിളിക്കുന്നതാണെന്നും അറിയിച്ചു. കുമ്പസാര കപ്പേളയുടെ പുറത്ത് കുമ്പസാരത്തിനുള്ള സമയക്രമം രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് ശ്രീ. ജോസഫ് തുമ്പശ്ശേരിൽ അഭിപ്രായപ്പെട്ടു. സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിൽ ജന്മദിനമുള്ളവരെ യോഗം അനുമോദിച്ചു. പരേതനായ സെൻട്രൽ വാർഡ് – സെന്റ് സെബാസ്റ്റ്യൻസ് കൂട്ടായ്മ പ്രസിഡന്റ് ശ്രീ. ബേബി മരശ്ശേരിയുടെ ആത്മശാന്തിയ്ക്കായ് പ്രാർത്ഥിച്ചുകൊണ്ട് യോഗം 4.15ന് അവസാനിച്ചു.

ജനറൽ സെക്രട്ടറി
റോജി ചെറിയാൻ ചേന്നാട്ട്

## മാതൃ – പിതൃവേദി റിപ്പോർട്ട്

മാതൃവേദി– പിതൃവേദി യൂണിറ്റിന്റെ സെപ്റ്റംബർ 16 മുതൽ ഒക്ടോബർ 22 വരെ നടന്ന പരിപാടികൾ.

**ഫൊറോന മത്സരം**

സെപ്റ്റംബർ 22 ഒക്ടോബർ 12 എന്നീ തീയതികളിൽ ഫൊറോന തലത്തിൽ നടത്തിയ രചനാ അവതരണ മത്സരങ്ങളിൽ 4 പോയിന്റുമായി അതിരമ്പുഴ മൂന്നാം സ്ഥാനത്ത് വന്നു. 28. 5 പോയിന്റുമായി മാതൃവേദി ഓവർ റോൾ സ്ഥാനം കരസ്ഥമാക്കി; ഇതിൽ പങ്കെടുത്ത് സമ്മാനാർഹരായ ഷീന സിബി വേങ്ങത്തടത്തിൽ ടെൻസി മുകളേൽ, ദീപ വട്ടമലപറമ്പിൽ, സിജി ബെന്നി പൊന്നാറ്റിൽ, ഷീബ വണ്ടാളംകുന്നേൽ, ലിസി കുളങ്ങര, നിജോ മാത്തുക്കുട്ടി പ്ലാമ്മൂട്ടിൽ, കുട്ടിയമ്മ ദേവസ്യാ വട്ടമലപറമ്പിൽ, സോഫി റോയി അറയ്ക്കകാലാ, ഷൈനി ജിമ്മി പുതിയാപറമ്പിൽ, ഷേർളി നിരപ്പേൽ, രമ്യാ അജേഷ് പൂതമല, സജി തടത്തിപറമ്പിൽ, മാത്യു പള്ളിക്കണ്ടത്തിൽ, എത്സമ്മ കരോട്ട് വേമ്പേനി, സാലി ജെയിസൺ കല്ലുങ്കൽ, മേരിയമ്മ നടുതുണ്ടത്തിൽ, മോളി കല്ലുങ്കൽ, ലിജി റെജി മരശ്ശേരി, സിജോ മൂർത്തിയിൽ, റോബിൻ പഴയപറമ്പിൽ, വി.എം തോമസ് വേമ്പേനി, ബേബി കാരിക്കൊമ്പിൽ, ജോർജ് ജോസഫ് അനുഗ്രഹപുത്തൻപുര, ജോയ്സ് കാരപ്പറമ്പിൽ, എന്നിവർക്ക് അഭിനന്ദനങ്ങൾ. ഇവരെ പരിശീലിപ്പിച്ചവർക്കും പ്രത്യേകം നന്ദി. മത്സരത്തിൽ സഹകരിച്ച പി.എം. സെബാ

സ്റ്റ്യൻ പുതുശ്ശേരിക്ക് നന്ദി.

**മാതൃവേദി റൂബി ജൂബിലി**

18-ാം തീയതി ചങ്ങനാശേരി മെത്രാപ്പോലിത്തൻ പള്ളിയിൽ നടന്ന റൂബി ജൂബിലി ഉദ്ഘാടന സമ്മേളനത്തിൽ നമ്മുടെ യൂണിറ്റിൽ നിന്നും പ്രസിഡന്റ് അന്നമ്മ ജോസഫ് മുണ്ടയ്ക്കലിന്റെ നേതൃത്വത്തിൽ 10 പേർ പങ്കെടുത്തു.

**തീർത്ഥാടനം**

പൂണ്ടി വേളാങ്കണ്ണി തീർത്ഥാടനം (നവംബർ 15ന് 7 മണിക്ക് പുറപ്പെട്ട് 17ന് 8.30 തിരിച്ചെത്തുന്നു. വേളാങ്കണ്ണിയിൽ റസ്റ്റ് ചെയ്യുവാൻ സൗകര്യം ചെയ്യുന്നതാണ്. (സീറ്റൊന്നിന് 1200 രൂപ വേളാങ്കണ്ണിയിൽ ഫാ. ലിബിൻ പുത്തൻപറമ്പിലിന്റെ കാർമ്മികത്വത്തിൽ വി. കുർബാന ഉണ്ടായിരിക്കും.)

കേക്ക് മേള (ഡിസംബർ 15 മുതൽ 25 വരെ)

നവംബർ 9 അതിരൂപതാ മത്സരം

സെക്രട്ടറിമാർ

ജോസ് ജോസഫ് ഒഴുകയിൽ ഷീന സിബി വേങ്ങത്തടത്തിൽ



## പാരന്റിംഗ്

കുട്ടികളുടെ ജനനത്തിന് മാതാപിതാക്കൾക്ക് തുല്യ പങ്കാളിത്തമാണുള്ളത്. അതുപോലെ അവരെ ശിക്ഷിക്കാനുള്ള അധികാരം അപ്പനുമാത്രമായി നീക്കിവയ്ക്കാതെ രണ്ടുപേരും തുല്യ ഉത്തരവാദിത്വത്തോടെ ചെയ്യേണ്ടതാണ്. കുട്ടികളെ ശിക്ഷിക്കേണ്ടിവരുമ്പോൾ മാതാപിതാക്കന്മാർ പരസ്പരം കുറ്റാരോപണം നടത്തരുത്. പക്ഷംപിടിക്കുകയുമരുത്. അങ്ങനെ ചെയ്താൽ കുട്ടികൾക്ക് തങ്ങളെ ശിക്ഷിക്കുന്നവരോട് വൈരാഗ്യവും അനിഷ്ടവും തോന്നാനിടവരും.

# യുവദീപ്തി റിപ്പോർട്ട്

സെപ്റ്റംബർ 7 വൈകുന്നേരം 4.30ന് യൂത്ത് പ്രയർ മീറ്റ് – ആവേ മരിയ നടത്തപ്പെട്ടു. മുപ്പതോളം യുവജനങ്ങൾ ജപമാലയിലും കുമ്പസാരത്തിലും ആരാധനയിലും പങ്കെടുത്തു. അതിരമ്പുഴ സെൻട്രൽ യൂണിറ്റിന്റെ ഓണാഘോഷം അവിയൽ 2k19 സെപ്റ്റംബർ 12 തീയതി നടത്തപ്പെട്ടു.

സെപ്റ്റംബർ 14 വൈകുന്നേരം 3 മണിക്ക് അബ്രോഭവനിലെ അമ്മമാർക്കൊപ്പം യുവദീപ്തി അംഗങ്ങൾ ഓണം ആഘോഷിച്ചു. അമ്മമാർക്ക് ഓണക്കോടി നൽകിയും അവർക്കൊപ്പം ഓണക്കളികളിൽ ഏർപ്പെട്ടും അവരുടെ സന്തോഷത്തിൽ പങ്കുചേർന്നു. അന്നേ ദിവസം ദർശനതിരുനാളിനോട് അനുബന്ധിച്ച് നടന്ന ജപമാല റാലിയിലും യുവജനങ്ങളുടെ പങ്കാളിത്തമുണ്ടായി.

സെപ്റ്റംബർ 15 ഞായറാഴ്ച 7.45ന്റെ കുർബാനയ്ക്ക് ശേഷം എക്സിക്യൂട്ടിവ് മീറ്റിംഗ് നടത്തപ്പെട്ടു. ഈ യോഗത്തിൽ വച്ച് ഉന്നതപഠനത്തിനായ് പോകുന്ന യൂണിറ്റ് സെക്രട്ടറി ആൻമേരി സെബാസ്റ്റ്യനും എക്സിക്യൂട്ടിവ് അംഗം ഹർഷ തങ്കച്ചനും യാത്രയപ്പ് നൽകി.

സെപ്റ്റംബർ 15, 21 തീയതികളിലായി അതിരമ്പുഴ യുവദീപ്തി ഫൊറോന കലോത്സവം 2k19 അതിരമ്പുഴ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. കലോത്സവത്തിൽ നമ്മുടെ യൂണിറ്റ് ഓവറോൾ ചാമ്പ്യന്മാരായി.

സെപ്റ്റംബർ 22ന് അതിരമ്പുഴ സെൻട്രൽ യൂണിറ്റിന്റെയും അഹല്യ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്ര പരിശോധനയും തിമിര നിർണയ ക്യാമ്പും നടത്തപ്പെട്ടു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. സജി തടത്തിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 150 പേർ ക്യാമ്പിൽ പങ്കെടുത്തു.

ഒക്ടോബർ 2ന് ഫൊറോന യുവദീപ്തിയുടെ പ്രാർത്ഥനാദിനാചരണം നമ്മുടെ യൂണിറ്റിൽ വെച്ച് നടത്തപ്പെട്ടു. റവ. ഫാ. ആന്റണി തളികസ്ഥാനം CMI നയിച്ച ക്ലാസ്സിലും ആരാധനയിലും നമ്മുടെ യൂണിറ്റിൽ നിന്നും 17 യുവജനങ്ങൾ പങ്കെടുത്തു. തുടർന്ന് സന്യസ്തരെയും ആനിമേറ്റർമാരെയും ആദരിച്ചു.

ഒക്ടോബർ 8ന് നമ്മുടെ യുണിറ്റിന്റെ ആഭിമുഖ്യത്തിൽ യുവജനസായാഹന സംഗമം- യാഹ്‌വെയ്ക്കര 2k19 നടത്തപ്പെട്ടു. RJ ഫാദർ എന്ന പേരിൽ പ്രശസ്തനായ റവ. ഫാ. സിജോ ചേന്നാടൻ CMI യുമായുള്ള ടോക് ഷോ സംഗമത്തിൽ പ്രധാന പരിപാടിയായി യുവജനങ്ങൾ പരിപാടിയിൽ പങ്കെടുത്തു. ഒക്ടോബർ 11,12 തീയതികളിൽ നടന്ന അതിരൂപതാ

വനിത ക്യാമ്പിൽ ദർശനയിൽ നമ്മുടെ യൂണിറ്റിൽ നിന്നും പങ്കാളിത്ത വുമായി.

ഒക്ടോബർ 13 തീയതി 6 മത് നസ്രായന്റെ കൂടെ പ്രാർത്ഥനാ സംഗമം എക്സിക്യൂട്ടിവ് മെമ്പർ സാജൻ സി.ഡി യുടെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു. ഒക്ടോബർ 14 തീയതി യുവജനങ്ങൾ സീനിയർ സിറ്റി യൺസ് അംഗങ്ങളോടൊപ്പം വയോജനദിനം ആചരിച്ചു. നമ്മുടെ യൂണി റ്റിന്റെ അഭിമാനപദ്ധതിയായ സ്നേഹവീട് 2 ഭവനപദ്ധതിക്കായുള്ള ഒരു ക്കങ്ങൾ പുരോഗമിക്കുന്നു. ഏവരുടെയും പ്രാർത്ഥനാ സഹായ സഹകര ണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്.

ആഷിക് റെജി
ആൻമേരി സെബാസ്റ്റ്യൻ
(സെക്രട്ടറിമാർ)





# തിരുനാൾ – 2020

## ദേശകഴുന്ന് – ജനറൽ കൺവീനർമാർ (2020 – 2022)

| ദേശകഴുന്ന് | പ്രദക്ഷിണം | ജനറൽ കൺവീനർ | ഫോൺ നമ്പർ |
|---|---|---|---|
| ജനുവരി 20 | തെക്കും ഭാഗം | റോജിയോ ജോർജ് പൊന്നാറ്റിൽ | 9400474130 |
| ജനുവരി 21 | കിഴക്കും ഭാഗം | സിബി ജേക്കബ് വേങ്ങത്തടത്തിൽ | 9447546274 |
| ജനുവരി 22 | വടക്കും ഭാഗം | ജോണി മാത്യു പണ്ടാരക്കളം | 9447409610 |
| ജനുവരി 23 | പടിഞ്ഞാറ്റും ഭാഗം | ജയിംസ് ജോർജ് മൂലക്കാട്ട് | 7736481947 |

## ദേശകഴുന്ന്- വാർഡ് കൺവീനർമാർ

### തെക്കും ഭാഗം

| | | | |
|---|---|---|---|
| ജനുവരി 10 | പാറോലിക്കൽ | പി.ജെ. തോമസ് പന്തപ്ലാക്കൽ | 9061411752 |
| ജനുവരി 11 | മുണ്ടകപ്പാടം | റോജിയോ ജോർജ് പൊന്നാറ്റിൽ | 9400474130 |
| ജനുവരി 12 | മാറാമ്പ് കിഴക്ക് | ജോസഫ് തോമസ് (ബേബി) ഞൊങ്ങിണിയിൽ | 9633949007 |
| ജനുവരി 13 | മാറാമ്പ് പടിഞ്ഞാറ് | റോയി ദേവസ്യാ പാക്കത്തുകുന്നേൽ | 8281036081 |

## കിഴക്കും ഭാഗം

| | | | |
|---|---|---|---|
| ജനുവരി 14 | മാർസ്ലീവ | സിബി ജേക്കബ് വേങ്ങത്തടത്തിൽ | 9447546274 |
| ജനുവരി 15 | മനയ്ക്കപ്പാടം | റെജി സെബാസ്റ്റ്യൻ പൊയ്യാറ്റിൽ ഞൊങ്ങിണിയിൽ | 9497393856 |

## വടക്കും ഭാഗം

| | | | |
|---|---|---|---|
| ജനുവരി 16 | പെരുമ്പുഴ | ജോസ് എം.ഡി. മുണ്ടയ്ക്കൽ | 9497791034 |
| ജനുവരി 17 | റീത്ത | എൻ.വി. ജോസ് നിരവത്ത് | 9447721803 |
| | ഹോളിഫാമിലി | രാജു ജോസഫ് പുളിങ്ങാപ്പള്ളി | 9496464478 |

## പടിഞ്ഞാറ്റും ഭാഗം

| | | | |
|---|---|---|---|
| ജനുവരി 18 | മാന്നാനം | ജെയിംസ് ജോർജ് മൂലക്കാട്ട് | 7736481947 |
| ജനുവരി | സെൻട്രൽ | സാബു കുര്യൻ പീടിയേക്കൽ | 9447457211 |
| | അമ്മഞ്ചേരി | ബിനു സെബാസ്റ്റ്യൻ മാതിരമ്പുഴ | 9447909684 |

ഏറ്റവും ലളിതവും ലഘുവുമായ ധാർമ്മിക നിയമം അന്യ രിൽനിന്നും ശുശ്രൂഷ കുറച്ചു സ്വീകരിക്കുകയും അന്യർക്ക് കൂടുതൽ ശുശ്രൂഷ നൽകുകയും ചെയ്യുന്നതാണ്.

*ലിയോ ടോൾസ്റ്റോയ്*

# വികാരിയച്ചന്റെ ജീവകാരുണ്യ ഫണ്ട്
